## രാമനാമം തീവ്രവാദത്തിന്റെ മുദ്രാവാക്യമാക്കി: വൈശാഖൻ

തൃശൂർ: രാമനാമത്തെ തീവ്രവാദത്തിന്റെ മുദ്രാവാക്യമായി ഫാസിസ്റ്റ് ശക്തികൾ ദുരുപയോഗപ്പെടുത്തുകയാണെന്നു വൈശാഖൻ.

സർഗാത്മകതയ്ക്കും മാനവികതയ്ക്കുമെതിരേയുള്ള വിഷഅമ്പുകളെ തടുക്കേണ്ടത് അനിവാര്യമാണെന്നു കേരളം അടൂരിനൊപ്പം കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

പുരോഗമന കലാസാഹിത്യ സംഘം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ചടങ്ങിൽ ഡോ.സി. രാവുണ്ണി അധ്യക്ഷത വഹിച്ചു.

അശോകൻ ചരുവിൽ, ഐ. ഷൺമുഖദാസ്, പി.ജി. പ്രേംലാൽ, ബൈജു തെയ്വമക്കൾ, സി.ആർ. ദാസ്, ഡോ. എൻ.ആർ. ഗ്രാമ പ്രകാശ്, വി മുരളി തുടങ്ങിയവർ പ്രസംഗിച്ചു.

# മകളുടെ പ്രണയത്തെ എതിർത്തയാൾ മർദനമേറ്റു മരിച്ചു



● സജീവ്

● പ്രതി മകളുടെ കാമുകനെന്ന് മരണമൊഴി

● മരണകാരണം സ്ഥിരീകരിക്കാതെ പോലീസ്

ഇലന്തൂർ (പത്തനംതിട്ട): മകളുടെ പ്രണയത്തെ എതിർത്തതിന്റെ പേരിൽ മർദനമേറ്റയാൾ മരിച്ചു. ഇടപ്പരിയാരം വിജയവിലാസത്തിൽ സജീവാ (49)ണു വൈക്കത്തെ സ്വകാര്യാശുപത്രിയിൽ ചികിത്സയിൽ കഴിയവേ മരിച്ചത്. മരണകാരണം മർദനമാണെന്നു സ്ഥിരീകരിക്കാതെ പോലീസ്.

കഴിഞ്ഞ 27-നു വൈകിട്ടാണു മെഴുവേലി കുറിയാനിപ്പള്ളിയിൽ ഭാര്യവീടായ കാട്ടാമ്പള്ളിൽവച്ച് സജീവിനു മർദനമേറ്റത്. നട്ടെല്ലിനു ഗുരുതരപരുക്കേറ്റ് കോഴഞ്ചേരിയിലെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ച സജീവിനെ പിന്നീടു വൈക്കത്തെ ആശുപത്രിയിലേക്കു മാറ്റുകയായിരുന്നു. മകളുടെ കാമുകനായ വള്ളിക്കോട് കോട്ടയം സ്വദേശി മനുവും സുഹൃത്തുക്കളും ചേർന്നാണു മർദിച്ചതെന്നു സജീവ് പോലീസിനു മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇലവുംതിട്ട പോലീസ് കേസെടുക്കുകയും ചെയ്തു. മനുവും സജീവിന്റെ മകളും മൂന്നുവർഷമായി പ്രണയത്തിലായിരുന്നു. ഇലന്തൂർ സഹകരണ ബാങ്കിലെ താൽക്കാലിക ജീവനക്കാരിയായ യുവതി ബിരുദപഠനകാലത്താണു ഡ്രൈവറായ മനുവിനെ പരിചയപ്പെട്ടത്. പ്രണയവാർത്തയറിഞ്ഞ സജീവ് തങ്ങളെ മർദിച്ചതായി ഭാര്യയും മകളും കഴിഞ്ഞ 24-ന് ആറന്മുള പോലീസിൽ പരാതിപ്പെട്ടു. മൂവരെയും സ്റ്റേഷനിൽ വിളിച്ചുവരുത്തിയ പോലീസ് പെൺകുട്ടിയെ ഉപദേശിച്ചെങ്കിലും മനുവിനൊപ്പം പോകാനാണു താത്പര്യം പ്രകടിപ്പിച്ചത്. അന്നുതന്നെ മനുവിനൊപ്പം പോയ പെൺകുട്ടി പന്തളത്തു വാടകവീട്ടിൽ താമസമാക്കിയശേഷം മടങ്ങിവന്ന് അമ്മയേയും കൂട്ടിക്കൊണ്ടുപോയി. വിവാഹാവശ്യത്തിനായി പിതാവ് കരുതിവച്ച സ്വർണവുമെടുത്തു.

ഇവർ കഴിഞ്ഞദിവസം മെഴുവേലി കുറിയാനിപ്പള്ളിയിലുള്ള ഭാര്യവീട്ടിൽ എത്തിയതറിഞ്ഞാണു സജീവ് അവിടെച്ചെന്നത്. അവിടെവച്ച് ഭാര്യയും മകളുമായി വീണ്ടും വഴക്കുണ്ടായി. വിവരമറിഞ്ഞെത്തിയ മനുവും സംഘവും സജീവിനെ ക്രൂരമായി മർദിക്കുകയായിരുന്നു.

മൃതദേഹം ഇന്നു കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യും. മനു നിരീക്ഷണത്തിലാണെന്നാണു പോലീസ് പറയുന്നത്. സജീവിന് വീടിന്റെ പടിയിൽനിന്നു വീണ് പരുക്കേറ്റെന്നാണു മനുവിന്റെ മൊഴി.

പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാലേ മരണകാരണം സ്ഥിരീകരിക്കാനാകൂവെന്നു പോലീസ് പറയുന്നു. കേസിൽ സി.പി.എം. നേതാക്കൾ ഇടപെട്ടതായി സജീവിന്റെ ബന്ധുക്കൾ ആരോപിച്ചു. സംസ്കാരം നാളെ രാവിലെ 11-നു വീട്ടുവളപ്പിൽ.

## കോൺഗ്രസ് നേതാവിന്റെ കൊലപാതകം: 20 പേർ കസ്റ്റഡിയിലെന്നു സൂചന

തൃശൂർ: പുന്നയിൽ കോൺഗ്രസ് പ്രവർത്തകൻ വെട്ടേറ്റുമരിച്ച സംഭവത്തിൽ പ്രതികൾ ഉടൻ പിടിയിലാകുമെന്നു പോലീസ്. കൊലപാതകത്തിൽ 22 പേർക്കു പങ്കുള്ളതായാണു പ്രാഥമികവിവരം. ഇതിൽ 20 പേർ പോലീസ് കസ്റ്റഡിയിലെന്നു സൂചന.

ഏഴു ബൈക്കുകളിലായെത്തിയ 14 പേരാണു കൊലപാതകം നടത്തിയത്. ഇവരും സഹായികളുമടക്കം 20 പേരാണു പോലീസ് വലയിലായത്. എസ്.ഡി.പി.ഐ. നേതാക്കളുടെ ഫോൺ നമ്പറുകൾ പോലീസ് പരിശോധിച്ചുവരുന്നു. കുന്നംകുളം ഡിവൈ.എസ്.പി, ഗുരുവായൂർ എ.സി.പി, ചാവക്കാട്, കുന്നംകുളം, ഗുരുവായൂർ മേഖലകളിലെ സി.ഐമാർ എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം. നൗഷാദിന് 28 വെട്ടുകളേറ്റു. നാളുകളായി പുന്ന പ്രദേശത്ത് കോൺഗ്രസ്-എസ്.ഡി.പി.ഐ. സംഘർഷം നിലനിന്നിരുന്നു. അതേസമയം, പുന്നയിൽ ആക്രമണത്തിൽ പരുക്കേറ്റ് ചികിത്സയിൽ കഴിയുന്ന ബിജേഷ് കൊല്ലപ്പെട്ടെന്ന വ്യാജപ്രചാരണത്തിനെതിരേ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല രംഗത്തുവന്നു. ബിജേഷടക്കം ചികിത്സയിൽ കഴിയുന്നവരെ അദ്ദേഹം എലൈറ്റ് ആശുപത്രിയിൽ സന്ദർശിച്ചു.

## സഭാതർക്കം: ചോരചിന്താതെ ഉത്തരവ് നടപ്പാക്കും

തിരുവനന്തപുരം: ഓർത്തഡോക്സ് - യാക്കോബായ സഭാതർക്കത്തിൽ സുപ്രീംകോടതി ഉത്തരവ് ഒരു തുള്ളിചോര ചിന്താതെ നടപ്പാക്കുമെന്ന് പോലീസ് ഉന്നതതല യോഗം. കോടതി ഉത്തരവ് നടപ്പാക്കാൻ കൂടുതൽ സമയം ലഭിക്കുന്നതടക്കമുള്ള കാര്യങ്ങളും പരിഗണിക്കുമെന്ന് ഉന്നതതല യോഗത്തിൽ വ്യക്തമാക്കി.

## സിവിൽ പോലീസ് ഓഫീസറുടെ മരണം: ഡിവൈ.എസ്.പി. അന്വേഷിക്കും

പാലക്കാട്: എ.ആർ ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസർ കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് സംസ്ഥാന പട്ടികജാതി-പട്ടികവർഗ കമ്മിഷൻ ഇന്ന് കല്ലേക്കാട് എ.ആർ.ക്യാമ്പിലെത്തി തെളിവെടുപ്പ് നടത്തും. കേസിന്റെ അന്വേഷണച്ചുമതല ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ (ഡി.സി.ആർ.ബി) ഡിവൈ.എസ്.പി: കെ. എൽ.രാധാകൃഷ്ണനു കൈമാറി. തൃശൂർ മേഖല ഡി.ഐ.ജി: എസ്. സുരേന്ദ്രന്റെ നിർദേശ പ്രകാരമാണ് കേസ് കൈമാറിയത്. ഒറ്റപ്പാലം സി.ഐ: എം സുജിത്താണ് കേസ് അന്വേഷിച്ചിരുന്നത്. ലക്കിടി റെയിൽവേ ട്രാക്കിനു സമീപത്തുനിന്നാണ് കുമാറിന്റെ മൃതദേഹം കണ്ടെത്തിയത്.

അതിനിടെ കുമാറിന്റെ ഭാര്യ സജിനി മരണത്തിന് ഉത്തരവാദികളായവർക്കെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പോലീസ് മേധാവിക്കു പരാതി നൽകി. കുമാറിന്റെ മരണശേഷം കുടുംബം ഉന്നയിക്കുന്ന ആരോപണങ്ങളാണു പരാതിയുടെ ഉള്ളടക്കം. ക്യാമ്പിൽ കുമാറിന് അനുവദിച്ച ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട തർക്കങ്ങളും ജാതീയ വിവേചനങ്ങളും മാനസിക, ശാരീരിക പീഡനവുമാണ് മരണത്തിന് കാരണമെന്നു പരാതിയിൽ പറയുന്നു. പഴയ ക്വാർട്ടേഴ്സിൽനിന്ന് പുതിയ ക്വാർട്ടേഴ്സിലേക്ക് മാറ്റിയ വീട്ടുസാധനങ്ങളെല്ലാം കുമാർ ജോലിക്കു പോയസമയത്ത് പൂട്ട് പൊളിച്ച് അകത്തുകയറി നീക്കംചെയ്തു. പ്രസവം കഴിഞ്ഞ് കുഞ്ഞിനെയും തന്നെയും ക്വാർട്ടേഴ്സിലേക്ക് കൊണ്ടുവരാൻ ഇരിക്കവേയാണ് ഇത്തരം സംഭവങ്ങൾ നടന്നത്. ക്യാമ്പിലെ നാലുപേരിൽ നിന്ന് മാനസികവും ശാരീരികവുമായി പീഡനമുണ്ടായതായും പരാതിയിൽ ആരോപിക്കുന്നു. മൊബൈൽ പിടിച്ചുവച്ചത് പീഡന വിവരംപുറത്തുവരാതിരിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്. വാസയോഗ്യമല്ലാത്ത ക്വാർട്ടേഴ്സിൽ താമസിക്കാൻ കഴിയാതിരുന്നതിനാലാണ് ദീർഘകാലം കുമാർ അവധിയെടുത്തതെന്നും പരാതിയിൽ പറയുന്നു.

# മൊറട്ടോറിയം: മുഖ്യമന്ത്രി പ്രത്യേകയോഗം വിളിക്കും

● സ്വന്തം ലേഖകൻ
തിരുവനന്തപുരം

കാർഷിക, കാർഷികേതര വായ്പകളുടെ മൊറട്ടോറിയം നീട്ടുന്നതു സംബന്ധിച്ച പ്രശ്നപരിഹാരത്തിനു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേരാൻ മന്ത്രിസഭ തീരുമാനിച്ചു. മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടണമെന്ന ആവശ്യത്തോടു റിസർവ് ബാങ്ക് പ്രതികരിക്കാത്ത സാഹചര്യത്തിലാണു യോഗം. കർഷകരെടുത്ത കാർഷിക, കാർഷികേതര വായ്പകൾക്കും വിദ്യാഭ്യാസവായ്പകൾക്കുമുള്ള മൊറട്ടോറിയം ജൂലൈ 31ന് അവസാനിച്ചതോടെയാണ് പ്രതിസന്ധി ഉടലെടുത്തത്.

സംസ്ഥാന തല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി) പ്രതിനിധികളും കൃഷി, റവന്യൂ, ധന മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും.

വായ്പകൾ പുന: ക്രമീകരിക്കുന്നതിനു റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതാണു മൊറട്ടോറിയം നീട്ടുന്നതിനുള്ള പ്രധാന തടസം. സംസ്ഥാനസർക്കാരിന്റെ പുറപ്പെടുവിച്ച വിഞ്ജാപനം അനുസരിച്ചാണ് ബാങ്കുകൾ ജപ്തി നടപടി സ്വീകരിക്കുന്നത്. 10 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ മരവിപ്പിക്കാനാകുമോയെന്നു അഡ്വക്കേറ്റ് ജനറലിനോടു കൃഷി മന്ത്രി വി. എസ്. സുനിൽകുമാർ നിയമോപദേശം തേടിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിനുള്ള അനുമതിക്കായി എസ്.എൽ.ബി.സി റിസർവ് ബാങ്കിനു കത്തു നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ കത്ത് മന്ത്രി സുനിൽകുമാർ നേരിട്ടു റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസിനും മൊറട്ടോറിയം കൈകാര്യം ചെയ്യുന്ന ഡപ്യൂട്ടി ഗവർണർ നരേന്ദ്ര ജെയ്നും നൽകിയെങ്കിലും അതിനും മറുപടി ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ റിസർബാങ്ക് ഗവർണറുടെ മുന്നിലുണ്ട്. ആവശ്യമെങ്കിൽ ഗവർണറെ വീണ്ടും കാണാനും സർക്കാർ ആലോചിക്കുന്നുണ്ട്.

## ജപ്തി നടപടികൾക്ക് തുനിയരുത്: ജനാധിപത്യ കേരളാ കോൺഗ്രസ്

കോട്ടയം: കാർഷിക വായ്പകളുടെ മൊറട്ടോറിയം കാലാവധി അവസാനിച്ച സാഹചര്യത്തിൽ ബാങ്കുകൾ ജപ്തി നടപടികൾക്കു തുനിഞ്ഞാൽ ജനകീയ പ്രക്ഷോഭത്തിലൂടെ തടയുമെന്നു ജനാധിപത്യ കേരളാ കോൺഗ്രസ് ചെയർമാൻ കെ. ഫ്രാൻസിസ് ജോർജ്.

വായ്പയെടുത്ത 76 ലക്ഷം കർഷകരിൽ പുനഃക്രമീകരണത്തിന് അപേക്ഷിച്ചിട്ടുള്ള 1.25 ലക്ഷം പേർക്കു മാത്രമേ കാലാവധി അവസാനിച്ച മൊറട്ടോറിയത്തിന്റെ പോലും പ്രയോജനം ലഭിക്കുകയുള്ളൂ. വായ്പ പുനഃക്രമീകരിക്കാനും മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടുന്നതിനും മുഴുവൻ കർഷകരേയും മൊറട്ടോറിയത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

## മൊറട്ടോറിയം നീട്ടാൻ റിസർവ് ബാങ്ക് അനുമതി നൽകണം: ജോസ് കെ. മാണി

കോട്ടയം: ഡിസംബർ 31 വരെ ഏർപ്പെടുത്തിയ മൊറട്ടോറിയം നീട്ടുന്നതിനു റിസർവ് ബാങ്ക് അനുമതി നൽകണമെന്നു കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മലാ സീതാരാമനോട് കേരളാ കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണി എം.പി. ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റിയുമായും റിസർവ് ബാങ്കുമായും അടിയന്തിര ചർച്ചനടത്തി തീരുമാനം എടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

## കർഷകജനതയ്ക്ക് ഇരുട്ടടി: ഇൻഫാം

കൊച്ചി: പ്രളയസെസും മൊറട്ടോറിയം നിർത്തലാക്കിയതും കർഷകരുൾപ്പെടെയുള്ള ജനസമൂഹത്തിനു തിരിച്ചടിയാശയന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ വി.സി. സെബാസ്റ്റ്യൻ.

ഭരണച്ചെലവും ധൂർത്തും നിർത്താതെ ജനങ്ങളുടെമേൽ അമിതഭാരം ഏർപ്പെടുത്തിയിരിക്കുകയാണ് സംസ്ഥാന സർക്കാരെന്ന് അദ്ദേഹം ആരോപിച്ചു.

## മൻമോഹനെ രാജസ്ഥാനിൽനിന്ന് മത്സരിപ്പിക്കാൻ നീക്കം

ന്യൂഡൽഹി: കോൺഗ്രസ് നേതാവും മുൻപ്രധാനമന്ത്രിയുമായ മൻമോഹൻ സിങ്ങിനെ രാജസ്ഥാനിൽനിന്നു രാജ്യസഭയിലെത്തിക്കാൻ ആലോചന. ബി.ജെ.പി. നേതാവ് മദൻ ലാൽ സെയ്നിയുടെ മരണത്തോടെയാണു രാജസ്ഥാനിൽ സീറ്റ് ഒഴിവുവന്നത്. സംസ്ഥാനഭരണം കൈയാളുന്ന സാഹചര്യത്തിൽ ഈ സീറ്റിൽ വിജയമുറപ്പാണെന്നാണു കോൺഗ്രസ് കരുതുന്നത്.

## ഓർഡിനൻസിന് ശിപാർശ

തിരുവനന്തപുരം: ആഭരണ തൊഴിലാളി ക്ഷേമനിധിയിലേക്ക് വിൽപ്പനയുടെ ഒരു ശതമാനം സെസ്സായി വ്യാപാരികൾ അടയ്ക്കാൻ നിർദ്ദേശിക്കുന്ന കേരള ആഭരണ തൊഴിലാളി (ഭേദഗതി) ഓർഡിനൻസിന് ഗവർണ്ണറോട് ശിപാർശ ചെയ്യാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

● കുമ്മനത്തിനു വാല്മീകി പുരസ്കാരം

## സംഘപരിവാർ വേദിയിൽ 'ജയ് ശ്രീറാം' വിളിയുമായി ജേക്കബ് തോമസ്

തൃശൂർ: പൂർവാധികം ശക്തിയോടെ ശ്രീരാമനു ജയ് വിളിക്കേണ്ട കാലമാണിതെന്നു സസ്പെൻഷനിൽ കഴിയുന്ന ഡി.ജി.പി. ജേക്കബ് തോമസ്. നീതിയുടെയും ധർമ്മത്തിന്റെയും പ്രതിപുരുഷനായ ശ്രീരാമനു ജയ് വിളിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് പലരും മാറിയോ എന്നും സംഘപരിവാർ നേതൃത്വത്തിലുള്ള സമർപ്പണ ചാരിറ്റബിൾ ട്രസ്റ്റ് നടത്തിയ രാമായണ ഫെസ്റ്റിനോടനുബന്ധിച്ച് "ശബരി സൽക്കാരം" ഉദ്ഘാടനം ചെയ്ത് അദ്ദേഹം ചോദിച്ചു.

വാല്മീകി ഇന്നു ജീവിച്ചിരുന്നുവെങ്കിൽ മറ്റൊരു രാമായണം രചിക്കേണ്ടിവരുമായിരുന്നു. കാട്ടാളന്മാർ ചെയ്യുന്ന കാര്യങ്ങളാണ് സമൂഹത്തിൽ നടക്കുന്നതെന്നു വിലയിരുത്തണം. ശ്രീരാമനു ജയ് വിളിക്കാൻ പറ്റാത്ത അവസ്ഥയാണെങ്കിൽ മനസ് കാട്ടാളന്മാരുടേതായി മാറിയോ എന്നു സംശയിക്കണം. നീതിനിഷേധ സംഭവങ്ങൾ കാണുമ്പോൾ ഓരോരുത്തരും ശ്രീരാമന്മാരായി മാറണം.

രാമായണം എഴുതുന്നതിന് മുമ്പ് വാല്മീകി പിടിച്ചുപറിക്കാരനായിരുന്നു. അത്തരം സ്ഥിതിയിലേക്കാണു കേരളം പോകുന്നത്. നവോത്ഥാനം എന്നത് നടന്നിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിവരുന്നു. അട്ടപ്പാടിയിൽ കൊല്ലപ്പെട്ട മധുവിന്റേയും ഓഖി ദുരന്തത്തിൽ ഉൾപ്പെട്ടവരുടെയും മരണത്തിന് ആരാണുത്തരവാദി? ജയ് ഹിന്ദ്, ജയ് ശ്രീറാം എന്നു വിളിച്ചാണു ജേക്കബ് തോമസ് പ്രസംഗം അവസാനിപ്പിച്ചത്. സാംസ്കാരിക സമ്മേളനത്തിൽ വാല്മീകി പുരസ്കാരം മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരനു ജേക്കബ് തോമസ് സമ്മാനിച്ചു. രാഷ്ട്രീയക്കാർ എല്ലാറ്റിനും "യെസ്" പറയുകയും മനസിൽ "നോ" പറയുകയും ചെയ്യുന്നവരാണ്. കുമ്മനം യെസ് പറയേണ്ടിടത്തു യെസും നോ വേണ്ടിടത്ത് നോയും പറയുന്ന എന്നു പറയുകയും ചെയ്യുന്ന നേതാവാണെന്ന് ജേക്കബ് തോമസ് ചൂണ്ടിക്കാട്ടി. വി.ആർ. രാമദാസ് കുമ്മനത്തെ പൊന്നാടയണിയിച്ചു. ഡോ. ശോഭന മോഹൻദാസ് അധ്യക്ഷത വഹിച്ചു. സംഗീത സംവിധായകൻ കൈതപ്രം ദാമോദരൻ നമ്പൂതിരിയെ കുമ്മനം ആദരിച്ചു. ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ്, സംസ്ഥാന വക്താവ് അഡ്വ. ബി. ഗോപാലകൃഷ്ണൻ, ആമ്പല്ലൂർ ശ്രീകുമാർ, വി.കെ. വിശ്വനാഥൻ, പി. ഉണ്ണിക്കൃഷ്ണൻ, ബിജോയ് തോമസ്, പി. എൻ. ഈശ്വരൻ എന്നിവർ പ്രസംഗിച്ചു.

## ജേക്കബ് തോമസിനെ എന്തുചെയ്യണം? സർക്കാർ ആശയക്കുഴപ്പത്തിൽ

● സ്വന്തം ലേഖകൻ
കൊച്ചി

സസ്പെൻഷനിൽ കഴിയുന്ന ഡി.ജി.പി. ജേക്കബ് തോമസിനെ തിരിച്ചെടുക്കണമെന്ന കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (സി.എ.ടി) ഉത്തരവിന്മേൽ എന്തുനടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ സർക്കാർ ആശയക്കുഴപ്പത്തിൽ. ഹൈക്കോടതിയിൽ അപ്പീൽ നൽകുക, സർവീസിൽ തിരിച്ചെടുക്കുക എന്നീ വഴികളാണു സർക്കാരിനു മുന്നിലുള്ളത്. മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിൽനിന്നു മടങ്ങിയെത്തിയതിനശേഷമാകും തീരുമാനം.

സർക്കാരിന്റെ അഭിമാന പ്രശ്നമായതിനാൽ അപ്പീൽ നൽകണമെന്ന അഭിപ്രായത്തിനാണു മുൻതൂക്കം. പക്ഷേ കോടതികളുടെ അന്തിമവിധി ജേക്കബ് തോമസിന് അനുകൂലമായാൽ സർക്കാർ വിമർശനങ്ങളുടെ മുൾമുനയിലാകും. നേരത്തേ സുപ്രീം കോടതിയുടെ ഉത്തരവുമായി വന്ന ടി.പി. സെൻകുമാറിനു സംസ്ഥാന പോലീസ് മേധാവിയായി പുനർനിയമനം നൽകേണ്ടിവന്നതു നാണക്കേടായിരുന്നു.

അതേസമയം, ട്രിബ്യൂണലിന്റെ വിധി 90 ശതമാനവും സർക്കാരിന് അനുകൂലമാണെന്നാണ് സർക്കാർ അഭിഭാഷകരുടെ അഭിപ്രായം. തുറമുഖ ഡയറക്ടറായിരിക്കെ ഡ്രഡ്ജർ വാങ്ങിയ സംഭവത്തിൽ ജേക്കബ് തോമസിനെതിരേ വിജിലൻസ് അന്വേഷണം തുടരാമെന്നതു സർക്കാരിന് വലിയ നേട്ടമാണ്. വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ വിജിലൻസ് ഡയറക്ടർ സ്ഥാനം തിരികെ നൽകാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു കഴിയില്ല. മുമ്പു കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥനായ പി.ജെ. തോമസിനു കേന്ദ്ര വിജിലൻസ് കമ്മിഷണർ നിയമനം ലഭിക്കുന്നതിന് പാമോലിൻ കേസ് കുരുക്കായിരുന്നു. നിയമനം ലഭിച്ചെങ്കിലും പിന്നീട് സുപ്രീം കോടതി പുറത്താക്കി.

ജേക്കബ് തോമസ് കേന്ദ്ര സർവീസ് ഉദ്യോഗസ്ഥനായതിനാൽ അദ്ദേഹത്തെ നിയമിക്കേണ്ടത് കേന്ദ്ര സർക്കാരാണെന്നാണ് സംസ്ഥാന സർക്കാരിനു കിട്ടിയ നിയമോപദേശം. അതിനാൽ കേരളത്തിനു തിരിച്ചെടുക്കാനുള്ള ബാധ്യതയില്ല. ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും അപ്പീൽ പോകുന്നത് കൂടുതൽ പരിശോധിച്ചശേഷം മതിയെന്നുമാണ് ഇപ്പോഴത്തെ ചിന്ത.

## ഗൾഫിൽനിന്നു കേരളത്തിലേക്ക് കൂടുതൽ വിമാനസർവീസ്

● സ്വന്തം ലേഖകൻ
ന്യൂഡൽഹി

ഉത്സവകാലത്തു ഗൾഫ് മേഖലയിൽനിന്നു കേരളത്തിലേക്കു കൂടുതൽ വിമാന സർവീസുകൾ ഏർപ്പെടുത്തും. യൂറോപ്പിൽനിന്നു നേരിട്ട് വിമാന സർവീസ് ആരംഭിക്കുമെന്നും വ്യോമഗതാഗതമന്ത്രി ഹർദീപ് സിങ് പുരി കേരള എം.പിമാരുമായുള്ള ചർച്ചയിൽ അറിയിച്ചു.

ഉത്സവസീസണിൽ വിമാനക്കമ്പനികൾ ഭീമമായ യാത്രക്കൂലി ഈടാക്കി പ്രവാസികളെ കൊള്ളയടിക്കുന്നെന്ന പരാതിക്കു കൂടുതൽ സർവീസുകൾ അനുവദിച്ചു പരിഹാരം കാണാനാണു കേന്ദ്രതീരുമാനം. യൂറോപ്പിൽനിന്നു നേരിട്ടു സർവീസ് അനുവദിക്കുമ്പോൾ കൊച്ചി വിമാനത്താവളത്തിനായിരിക്കും പ്രഥമ പരിഗണന. നേരിട്ടുള്ള സർവീസിന്റെ കാര്യം വ്യോമയാന സെക്രട്ടറി വിമാനക്കമ്പനികളുമായി സംസാരിക്കും.

വിദേശത്തേക്കുള്ള വിമാനക്കൂലി വർധനയിൽ പരിഹാര നടപടി സ്വീകരിക്കുമെന്നഎ എം.പിമാരുടെ യോഗത്തിൽ മന്ത്രി ഉറപ്പുനൽകിയെന്നു കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു. ഉത്സവ സീസണിൽ വിമാന സർവീസുകൾ വർധിപ്പിക്കും. ഡൽഹിയിലേക്ക് എയർ ഇന്ത്യ സർവീസ് എല്ലാ ദിവസവും ഏർപ്പെടുത്തും. കണ്ണൂരിനെയും കോഴിക്കോടിനെയും ബന്ധിപ്പിച്ചാകും സർവീസ്. നിലവിൽ ആഴ്ചയിൽ അഞ്ചു ദിവസമേ ഡൽഹിക്കു വിമാനമുള്ളൂ. സമയക്രമം കൂടുതൽ പ്രയോജനകരമായ രീതിയിൽ പുനഃക്രമീകരിക്കും.

വിമാനത്താവളങ്ങളിലെ ചില സേവനങ്ങളാണു കമ്പനികളെ ഏൽപ്പിക്കുന്നത്. അതിനെ വിമാനത്താവളം സ്വകാര്യവൽക്കരണമെന്നു പറയുന്നതു തെറ്റാണ്. വിദേശത്തു മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിലെ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്നും മന്ത്രി അറിയിച്ചു. തീരുമാനങ്ങളുടെ തുടർച്ച പരിശോധിക്കാൻ അവലോകനയോഗം അടുത്ത പാർലമെന്റ് സമ്മേളനകാലത്തു ചേരും.

## ഭൂമിതർക്കം: പിതാവിന്റെ കൊലപാതകത്തിന് സാക്ഷികളായ മക്കൾ വെടിയേറ്റു മരിച്ചനിലയിൽ

വൈശാലി(ബിഹാർ): ഭൂമി തർക്കത്തിൽ പിതാവ് കൊല്ലപ്പെടുന്നതിനു ദൃക്സാക്ഷികളായ മക്കളും വെടിയേറ്റു മരിച്ച നിലയിൽ. ബിഹാറിലെ ഹാജിപുരിൽ ഇന്നലെ പുലർച്ചെയാണു സംഭവം. ക്ഷേത്രത്തിന്റെ ടെറസിൽ ഉറങ്ങിയിരുന്ന ചഞ്ചൽ സിങ്, രാജ് റൗഷൻ സിങ് എന്നിവരെയാണു വെടിയേറ്റു മരിച്ചനിലയിൽ കണ്ടെത്തിയത്.

ഭൂമി തർക്കത്തിനിടെയുണ്ടായ സംഘർഷത്തിനൊടുവിൽ ഇവരുടെ പിതാവ് കഴിഞ്ഞ മേയിൽ വെടിയേറ്റു മരിച്ചിരുന്നു. പിതാവിന്റെ കൊലപാതകത്തിനു സാക്ഷ്യം വഹിച്ചവരാണു മരിച്ച സഹോദരങ്ങൾ. പിതാവിന്റെ മരണത്തിനു കാരണക്കാരായ ഇവരുടെ ബന്ധുക്കളായ രണ്ടുപേരാണു കൊലപാതകത്തിനുപിന്നിലെന്നാണു പോലീസ് അനുമാനം. ഇവരിൽ ഒരാളെ പിടികൂടിയെന്നും മുഖ്യസൂത്രധാരൻ ഒളിവിലാണെന്നും പോലീസ് പറഞ്ഞു.

## വിദ്യാഭ്യാസനയം: കേരള എം.പിമാരുടെ യോഗം ഇന്ന്

ന്യൂഡൽഹി: ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മറവിൽ ഹിന്ദി അടിച്ചേൽപ്പിക്കാൻ ശ്രമം നടക്കുന്നുവെന്ന ആരോപണങ്ങൾക്കിടെ ഇക്കാര്യം ചർച്ച ചെയ്യാൻ മാനവശേഷി വികസന മന്ത്രി രമേഷ് പൊഖ്റിയാൽ നിശാങ്ക് കേരള എം.പിമാരുടെ യോഗം വിളിച്ചു.

കരടുനയവുമായി ബന്ധപ്പെട്ട ആശങ്കകൾ ചർച്ച ചെയ്യാൻ ഇന്നു രാവിലെ പത്തിനാണു യോഗം. മെഡിക്കൽ വിദ്യാഭ്യാസ ഘടനയിൽ വലിയ മാറ്റങ്ങൾ നിർദേശിക്കുന്ന കരടിൽ കേരളമടക്കം ആശങ്കയറിയിച്ച സാഹചര്യത്തിലാണു യോഗം.

## ശിവരഞ്ജിത്തിന്റെ അറസ്റ്റ് വാറന്റ് മടക്കിയ സി.ഐക്കു കോടതിയുടെ വിമർശനം

● ഇന്നു ഹാജരായി വിശദീകരണം നൽകാൻ ഉത്തരവ്

തിരുവനന്തപുരം: യൂണിവേഴ്സിറ്റി കോളേജ് വിദ്യാർഥി അഖിൽ ചന്ദ്രനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ ഒന്നാം പ്രതി ശിവരഞ്ജിത്തിനെ മറ്റൊരു കേസിൽ അറസ്റ്റ് ചെയ്യാതെ വാറന്റ് മടക്കിയ സിറ്റി ഫോർട്ട് പോലീസ് സി.ഐക്കു തിരുവനന്തപുരം രണ്ടാം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ രൂക്ഷ വിമർശനം. കേസ് വിവരങ്ങൾ മറച്ചുവച്ചാണ് അറസ്റ്റ് വാറന്റ് മടക്കിയതെന്നു കോടതി കണ്ടെത്തി.

ഇന്നു നേരിട്ട് ഹാജരായി വിശദീകരണം ബോധിപ്പിക്കാൻ മജിസ്ട്രേറ്റ് വിവിജാ രവീന്ദ്രൻ സി.ഐക്കു നിർദേശം നൽകി. രാവിലെ 11നു തുറന്ന കോടതിയിൽ സി.ഐ. ഹാജരാകണം. വാറന്റ് പ്രതി മറ്റൊരു കേസിൽ റിമാൻഡിൽ കഴിയുന്നത് അറിഞ്ഞിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാൻ പ്രൊഡക്ഷൻ വാറന്റിന് കോടതിയിൽ അപേക്ഷ നൽകാതെ അറസ്റ്റ് വാറന്റ് മടക്കിയത് നിരുത്തരവാദപരമാണെന്ന കോടതി വിലയിരുത്തി. രണ്ടു തവണ കോടതി ആവശ്യപ്പെട്ടിട്ടും അഖിൽ ചന്ദ്രൻ വധശ്രമക്കേസിന്റെ ക്രൈം നമ്പർ ഹാജരാക്കാത്തതാണു കോടതിയെ ചൊടിപ്പിച്ചത്.

ഒരു ആക്രമണക്കേസിൽ ഒന്നാം പ്രതിയായ ശിവരഞ്ജിത്തിനെ അറസ്റ്റ് ചെയ്യാൻ 2019 ജനുവരി ഇരുപത്തിയൊന്ന്, ഏപ്രിൽ മുപ്പത്, മേയ് അഞ്ച്, ജൂലൈ 22, 29 തീയതികളിലായി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഒഴിവുകഴിവുകൾ ചൂണ്ടിക്കാട്ടി വാറന്റ് കോടതിക്ക് മടക്കി അയച്ചു. ജൂലൈ 22 ന് വാറന്റ് പ്രതി കസ്റ്റഡിയിലാണെന്ന് മാത്രമെഴുതി വാറന്റ് മടക്കി. അപ്പോൾ തന്നെ കോടതി പ്രതി കസ്റ്റഡിയിൽ കഴിയുന്ന കേസിന്റെ ക്രൈം നമ്പർ ഹാജരാക്കാനും പ്രതിയെ 29 ന് കോടതിയിൽ ഹാജരാക്കാൻ പ്രൊഡക്ഷൻ വാറന്റയക്കാനും ഫോർട്ട് സി.ഐക്കു നിർദേശം നൽകി. എന്നാൽ കേസ് വിവരം കോടതിയിൽ ഹാജരാക്കാത്തതിനാൽ കോടതിക്കു വാറന്റയക്കാൻ കഴിഞ്ഞില്ല. ജൂലൈ 29 ന് കോടതി കേസ് പരിഗണിച്ചപ്പോഴും ഫോർട്ട് പോലീസ് വാറന്റ് പ്രതിയായ ശിവരഞ്ജിത്തിന്റെ കസ്റ്റഡി കേസ് നമ്പർ ഹാജരാക്കിയില്ല.

2017 ഓഗസ്റ്റ് 14 ന് കുറ്റപത്രം സമർപ്പിച്ച സി.പി.എം. ആക്രമണക്കേസിലെ മുഖ്യപ്രതി ശിവരഞ്ജിത്തിനെ കേസിൽ നിന്നും രക്ഷിച്ചെടുക്കാൻശ്രമിച്ചതാണ് പോലീസിനെതിരെയുള്ള കോടതി നടപടിക്കാധാരമായത്. മാരകായുധങ്ങൾ ധരിച്ചുള്ള മറ്റ് അഞ്ച് ആക്രമണക്കേസുകളിൽ ശിവരഞ്ജിത്തിനെയും കൂട്ടുപ്രതികളെയും കോടതിയിൽ ഹാജരാക്കാൻ തിരുവനന്തപുരം രണ്ടാം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി നേരത്തേ ഉത്തരവിട്ടിരുന്നു. ഗർഭിണിയായ യുവതിയെ ദേഹോപദ്രവം ഏൽപ്പിച്ചു, മാരകായുധങ്ങളുമായി ആറ്റുകാൽ വാർഡ് വനിതാ കൗൺസിലർ ആർ.സി. ബീനയുടെ വീട്ടിൽ ആക്രമണം നടത്തി തുടങ്ങിയ കേസുകൾ ഇതിലുൾപ്പെടുന്നു.

**ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡ്**
CIN: L85110KL2008PLC021703
രജിസ്റ്റേർഡ് ഓഫീസ്: IX/475L, ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്, കോതാട് ബ്രിഡ്ജിന് സമീപം, സൗത്ത് ചിറ്റൂർ പി.ഒ., ചേരാനല്ലൂർ, കൊച്ചി, കേരള 682027, ഇന്ത്യ
T: 0484 6699228 E: cs@asterdmhealthcare.com W: www.asterdmhealthcare.com

**പതിനൊന്നാമത് വാർഷിക പൊതുയോഗ (എ ജി എം) അറിയിപ്പിന്റെ അനുബന്ധം**

പറഞ്ഞിരിക്കുന്ന കാര്യപരിപാടികൾ നിർവ്വഹിക്കുന്നതിനായി 2019 ആഗസ്റ്റ് 8 നു രാവിലെ പത്തിനു (IST) നോളജ് ഹബ്, അനെക്സ് ബിൽഡിംഗ്, ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്, കോതാട് പാലത്തിനു സമീപം, സൗത്ത് ചിറ്റൂർ പി ഒ, ചേരാനെല്ലൂർ, കൊച്ചി - 682027 ൽ വച്ചു ചേരുന്ന, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡിന്റെ (കമ്പനി) അംഗങ്ങളുടെ 11-ാമത് വാർഷിക പൊതുയോഗത്തെ കുറിച്ച് (എ ജി എം), 2019 മെയ് 28 തീയതി വച്ച് കമ്പനി അംഗങ്ങൾക്കയച്ച നോട്ടീസിനും പതിനൊന്നാമത് എ ജി എമ്മുമായി ബന്ധപ്പെട്ട് 2019 ജൂലൈ 16 ന് ദിനപത്രങ്ങളിൽ നൽകിയ അറിയിപ്പിന്റെയും അനുബന്ധമാണിത്.

ഓഹരിയുടമകൾക്കു കൂടുതൽ വ്യക്തത നൽകുന്നതിനു വേണ്ടി എ ജി എമ്മിനെ കുറിച്ചുള്ള നോട്ടീസ് പുറപ്പെടുവിച്ചതിനെ തുടർന്ന് എ ജി എം നോട്ടീസിലെ കാര്യപരിപാടിയിലെ ഇനം നം.9 ഒരു വിശദീകരണ പ്രസ്താവനയോടു കൂടി ഭേദഗതി ചെയ്യുവാൻ നിർദേശിക്കപ്പെട്ടിരുന്നു. വിശ്വാസ്യതയുള്ള ചാരിറ്റബിൾ ഫണ്ട്/ട്രസ്റ്റുകൾക്ക് സംഭാവന നൽകുന്നതിന് ഓഹരിയുടമകളുടെ അംഗീകാരം തേടണമെന്ന് കാര്യപരിപാടി ഇനം നം.9 നിർദേശിക്കുന്നു. ഡോ. ആസാദ് മൂപ്പനെ അഞ്ചു വർഷത്തേയ്ക്ക് കമ്പനി മാനേജിംഗ് ഡയറക്ടറായി പുനഃനിയമിക്കുന്നതിന് ഓഹരിയുടമകളുടെ അംഗീകാരം തേടണമെന്ന എ ജി എം നോട്ടീസിന്റെ കാര്യപരിപാടി ഇനം നം.6 സംബന്ധിച്ച വിശദീകരണ പ്രസ്താവനയിൽ കൂടുതൽ വെളിപ്പെടുത്തൽ നടത്തണമെന്നും നിർദേശിക്കപ്പെട്ടിരിക്കുന്നു.

2019 ആഗസ്റ്റ് 1 ലെ അനുബന്ധം വഴി മേൽപറഞ്ഞ ഭേദഗതികൾ/വെളിപ്പെടുത്തലുകൾ നടത്തുകയാണ്. എ ജി എം അറിയിപ്പിനുള്ള അനുബന്ധം കമ്പനിയുടെ വെബ്സൈറ്റായ www.asterdmhealthcare.com ന്റെ ഇൻവെസ്റ്റർ വിഭാഗത്തിലും www.bseindia.com എന്ന ബി എസ് ഇ വെബ്സൈറ്റിലും www.nseindia.com എന്ന എൻ എസ് ഇ വെബ്സൈറ്റിലും www.evoting@nsdl.com എന്ന എൻ എസ് ഡി എൽ വെബ്സൈറ്റിലും അംഗങ്ങളുടെ അറിവിനായി ലഭ്യമായിരിക്കും. എ ജി എം നോട്ടീസിന്റെ 2019 ആഗസ്റ്റ് 1 നുള്ള അനുബന്ധം കമ്പനി അംഗങ്ങൾക്കു 2019 മെയ് 28 നു വിതരണം ചെയ്ത എ ജി എം നോട്ടീസിന്റെയും 2019 ജൂലൈ 16 നു ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച പൊതു അറിയിപ്പിന്റെയും അഭേദ്യഭാഗമായിരിക്കും.

റിസോലൂഷനുകളിന്മേൽ തങ്ങളുടെ വോട്ടവകാശം ഇലക്ട്രോണിക് മാർഗത്തിലൂടെ വിനിയോഗിക്കുന്നതിനുള്ള സൗകര്യം കമ്പനി അംഗങ്ങൾക്കു നൽകുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ എ ജി എം അറിയിപ്പിൽ നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് മാർഗത്തിലൂടെയോ എ ജി എമ്മിലോ കാര്യങ്ങളറിഞ്ഞ് വോട്ടവകാശം വിനിയോഗിക്കുന്നതിനു അംഗങ്ങളെ പ്രാപ്തരാക്കുന്നതിന്, എ ജി എം അറിയിപ്പിലെ കാര്യപരിപാടി ഇനം നം.9 അനുസരിച്ചുള്ള ഓർഡിനറി റിസൊലൂഷനിലെ ഭേദഗതിയും അതിന്റെ വിശദീകരണപ്രസ്താവനയും കാര്യപരിപാടി ഇനം നം.6 നുള്ള വിശദീകരണ പ്രസ്താവനയിലെ അധിക വെളിപ്പെടുത്തലും അംഗങ്ങളെ അറിയിക്കുന്നത് ഉചിതമായിരിക്കുമെന്നു കമ്പനി കരുതുന്നു. ആയതിനാൽ ഇക്കാര്യങ്ങൾ അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ കൽപനപ്രകാരം
**ആസ്റ്റർ ഡി എം ഹെൽത്ത്കെയർ ലിമിറ്റഡിനു വേണ്ടി ഉത്തരവുപ്രകാരം**

ഡോ. ആസാദ് മൂപ്പൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
DIN: 00159403

സ്ഥലം : ദുബായ്
തീയതി : ആഗസ്റ്റ് 1, 2019